അസദവിഷയമങ്ഘ്രിം ഭാവഗമ്യം പ്രപന്നാനമൃതമമരവര്യാനാശയത് സിന്ധുമഥ്യം
കപടയുവതിവേഷോ മോഹയൻ യ: സുരാരീം
സ്തമഹമുപസൃതാനാം കാമപൂരം നതോഽസ്മി **(8-12-47)**

*ശുകമുനി തുടർന്നു:*
ഭഗവാൻെറ മോഹിനീവേഷത്തെപ്പറ്റി കേട്ട പരമശിവൻ തൻെറ വാഹനത്തിൽ ഉമയോടൊപ്പം, പരിവാരസമേതം ഭഗവാൻ വിഷ്ണുവിൻെറയടുക്കൽ പോയി. ഭഗവാൻ, പരമശിവനെ സ്നേഹബഹുമാനങ്ങളോടെ സ്വീകരിച്ചു. ശിവൻ ഹരിയെ സ്തുതിച്ചു:

ഭഗവാനേ, അവിടുന്ന് എല്ലാത്തിൻേറയും പരമസത്ത തന്നെ. അങ്ങിൽ നാനാത്വം ദർശിക്കുന്നത് അജ്ഞാനികൾ മാത്രം. പലതായി കാണപ്പെട്ട് വിളങ്ങുന്ന അവിടുന്നുതന്നെ ആ ഏകത്വമായ സത്ത്. അവിടുത്തെ പാദാരവിന്ദങ്ങളെ ശരണം പ്രാപിച്ചിരിക്കുന്ന മഹാമുനികൾ ഇഹലോകത്തിലും പരലോകത്തിലും ആസക്തിയില്ലാത്തവരായിരിക്കുന്നു. അവർ അങ്ങാണ് പരംപൊരുളെന്ന് അറിയുമ്പോൾ, മറ്റുചിലർ അവിടുന്നാണ് പ്രകൃതിനിയമസൃഷ്ടാവ് എന്നു ഗണിക്കുന്നു. മറ്റു ചിലർ, ദ്രവ്യോർജ്ജങ്ങൾക്കതീതമായ സത്യമാണവിടുന്നെന്നും പറയുന്നു. എന്നാൽ മറ്റുള്ളവർക്ക് അവിടുന്ന് ഒൻപതു ദിവ്യശക്തികളാൽ സമ്പന്നനാണ്. (വിമല, ഉത്ക്കർഷിണി, ജ്ഞാനം, ക്രിയ, യോഗം, പ്രഹ്വി, സത്യം, ഈശാനം, അനുഗ്രഹം). ചിലർ അവിടുത്തെ പരമപുരുഷനായും കരുതുന്നു. എന്നാൽ ആർക്കും അവിടുത്തെ ശരിയായ രീതിയിൽ സാക്ഷാത്ക്കരിക്കുവാൻ ആവുകയില്ല തന്നെ. അവിടുത്തെ അവതാരങ്ങൾ ധ്യാനത്തിന് തികച്ചും ആഹ്ലാദപ്രദമായ മോഹനരൂപങ്ങളത്രെ. അങ്ങ് ഏതവതാരമെടുത്താണോ അസുരന്മാരെ മോഹിപ്പിച്ച് ദേവന്മാർക്ക് അമൃത് വിളമ്പിയത്, ആ മോഹനരൂപം ദർശിക്കാനാണ് ഞാൻ ഇവിടെ വന്നിരിക്കുന്നത്.

തൻെറ മോഹിനീരൂപം വികാരോദ്ദീപകമാണെന്ന് ഭഗവാൻ ശിവന് മുന്നറിയിപ്പുനൽകി എന്നിട്ട് തൻെറ അവതാരരൂപം കാണിക്കാമെന്ന് വാഗ്ദാനവും നൽകി. ഉടനേ ഭഗവാൻ അവിടെനിന്ന് അപ്രത്യക്ഷനായി. പരമശിവൻ അമ്പരപ്പോടെ ചുറ്റും നോക്കാൻ തുടങ്ങി. കുറച്ചു ദൂരത്ത് അതീവസുന്ദരിയായ ഒരു യുവതി ഉദ്യാനത്തിൽ പന്താടി കളിച്ചുകൊണ്ടിരുന്നു. ഇടക്ക് വശ്യമായ മന്ദഹാസത്തോടെ ശിവനെ നോക്കുകയും ചെയ്യുന്നു. ഒരവസരത്തിൽ, പന്തിനു പുറകെ ഓടിയ മോഹിനിയുടെ വസ്ത്രം കാറ്റിൽ പറന്നുപോയി. വികാരവിവശനായ ശിവൻ അവളെ പിന്തുടർന്നു. ശിവൻെറ ആലിംഗനത്തിൽനിന്നും കുതറിമാറാനെന്ന നാട്യത്തിൽ യുവതി അദ്ദേഹത്തെ മോഹിപ്പിച്ചുകൊണ്ടിരുന്നു. ഇങ്ങിനെ യുവതിക്ക് പിറകേ പോകുമ്പോൾ ശിവൻെറ രേതസ്സ് വിസർജ്ജിക്കപ്പെടുകയും അതു വീണിടമെല്ലാം സ്വർണ്ണഖനികളും വെള്ളിഖനികളുമായിത്തീരുകയും ചെയ്തു. പെട്ടെന്ന് ശിവൻ മന:സംയമനം വീണ്ടെടുത്തു. ഭഗവാൻെറ മായാശക്തിയെ മനസ്സിലാക്കി ശിരസ്സു നമിച്ചു. ഭഗവാൻ ശിവനെ അനുഗ്രഹിച്ചു. -എൻെറ മായാശക്തി ഇനിയും താങ്കളെ കീഴടക്കുകയില്ല.-

വീണ്ടും ഹരിയെ വന്ദിച്ച് ശിവൻ പാർവ്വതിയോടു പറഞ്ഞു: -ഭഗവാൻെറ മായാശക്തി നീയും കണ്ടുവല്ലോ. ഭഗവാൻെറ ഒരു കിരണമായ എനിക്കുപോലും മായയാൽ മോഹമുണ്ടായെങ്കിൽ മറ്റുള്ളവർ എത്ര എളുപ്പം ആ ശക്തിക്കടിമപ്പെടുന്നു?

അധാർമ്മികർക്കു സാക്ഷാൽക്കരിക്കാനാവാത്ത ആ ഭഗവാനെ ഞാൻ നമിക്കുന്നു. ഭക്തർക്ക് പ്രാപിക്കാവുന്ന അവിടുന്ന് മോഹിനീരൂപത്തിൽ അവതരിച്ച്, രാക്ഷസരെ മോഹിപ്പിച്ച്, തന്നിൽ അഭയം തേടിയ ദേവന്മാർക്ക് അമൃതു വിളമ്പിക്കൊടുക്കുകയും ചെയ്തു.